"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി. - അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI-ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നല്കിയ നടപടിയ്ക്ക് സാധൂകരണവും റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നല്കുന്നതിന് അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/CSIND തീയതി,തിരുവനന്തപുരം, 20-09-2024

---

പരാമർശം:-

1. NHAI റീജിയണൽ ഓഫീസറുടെ 21.04.2023 ലെ 12798/RO-Kerala/Start of Kollam Bypass-Kadambattukonam/0805 നമ്പർ കത്ത്
2. സ.ഉ.(സാധാ) നം. 11/2024/സി.എസ്.ഐ.എൻ.ഡി. തീയതി. 15/03/2024.

**<u>ഉത്തരവ്</u>**

അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI-ക്ക് വില ഈടാക്കാതെ നൽകുന്നതിന് പരാമർശം(2)ലെ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു. പ്രസ്തുത സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ്ജുകൾ ഒഴിവാക്കി നല്കണമെന്ന് NHAI റീജിയണൽ ഓഫീസർ ആവശ്യപ്പെട്ടിരുന്ന സാഹചര്യത്തിലും, ഇക്കാര്യം മൈനിംഗ് & ജിയോളജി, റവന്യൂ വകുപ്പുകളുടെ അധികാരപരിധിയിൽ വരുന്ന വിഷയമായതിനാലും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10/01/2024-ൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സി.എസ്.ഐ.എൻ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവരുടെ യോഗം ചേർന്നിരുന്നതും സ്പോയിലിന് വില, റോയൽറ്റി, സീനിയറേജ് ചാർജ്ജുകൾ ഒഴിവാക്കി നല്കുന്നതിന് ശിപാർശ ചെയ്തിരുന്നതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയപാതാ വികസന പ്രവൃത്തികൾക്കാണ് ഉപയോഗിക്കുക എന്നത് പരിഗണിച്ച്, സ്പോയിൽ വില ഈടാക്കാതെ NHAI-ക്ക് നൽകുന്നതിന് അനുമതി നല്കിയ പരാമർശം(2)ലെ ഉത്തരവ് പൊതു താല്പര്യം മുൻനിർത്തി സാധൂകരിച്ചു ഉത്തരവാകുന്നു. കൂടാതെ പ്രസ്തുത സ്പോയിലിന് റോയൽറ്റി (KMMC ചട്ടങ്ങളിലെ ചട്ടം 7, 32 എന്നിവയിൽ ഇളവ് വരുത്തി), സീനിയറേജ് ചാർജ് എന്നിവയിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

1. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന റോയൽറ്റി, സീനിയറേജ് ഇളവ് നൽകുന്ന ഉൽപ്പന്നങ്ങൾ ദേശീയപാതയുടെ

നിർമ്മാണത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

2. NHAI നിയോഗിക്കുന്ന എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ ജിയോളജിസ്റ്റ് എന്നിവർ ഡ്രഡ്ജ് ചെയ്തെടുക്കുന്നതും ദേശീയപാതയ്ക്ക് ഉപയോഗിക്കുന്നതുമായ റോയൽറ്റി ഇളവ് നൽകുന്ന ഉൽപ്പന്നത്തിന്റെ അളവ് സർട്ടിഫൈ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ചീഫ് എഞ്ചിനീയർ, ഇറിഗേഷനും ഭരണവും, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
ഡയറക്ടർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ, റീജിയണൽ ഓഫീസ്, നാഷണൽ വാട്ടർവേ റോഡ്, മരട്, എറണാകുളം - 682 304.
റീജിയണൽ ഓഫീസർ, കേരള, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI), അമ്പാടി ആർക്കേഡ്, പേട്ട പി.ഒ., തിരുവനന്തപുരം - 24.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
റവന്യൂ (പി) വകുപ്പ്
വ്യവസായ (എ) വകുപ്പ്
ജലവിഭവ (ഐ.ആർ) വകുപ്പ്
പൊതുമരാമത്ത് (ഡി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്. (18/09/2024-ലെ ഇനം നം. 2406)
വിവര പൊതുജന സമ്പർക്ക വെബ് & ന്യൂ മീഡിയ )വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/119/2022/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 20-09-2024 15:48:28

<u>പകർപ്പ്</u> :-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സി.എസ്.ഐ.എൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-09-2024

ഫയൽ നം. എ2/119/2022/സി.എസ്.ഐ.എൻ.ഡി. ഇനം നം: 2406

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയപാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Highway Authority of India-NHAI)-ക്ക് വില ഈടാക്കാതെ നൽകുന്നതിന് 15.03.2024-ലെ സ.ഉ.(സാധാ)നം. 11/2024/CSIND നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയ നടപടിയ്ക്ക് സാധൂകരണവും, ഈ സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ്ജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും ലഭ്യമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

2406

**കേരള സർക്കാർ**

***[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]***

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/119/2022/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | : | അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്യെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Higway Authority of India-NHAI)-ക്ക് വില ഈടാക്കാതെ നൽകുന്നതിന് 15/03/2024-ലെ സ.ഉ.(സാധാ.)നം.11/2024/CSIND നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയ നടപടിയ്ക്ക് സാധൂകരണവും, ഈ സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും ലഭ്യമാക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/07/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജി കുമാർ ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബി. അശോക് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.09.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.09.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11.09.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.09.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയപാതാ അതോറിറ്റി (National Higway Authority of India-NHAI) ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നൽകി 15/03/2024-ൽ സ.ഉ.(സാധാ)നം.11/2024/ സി.എസ്.ഐ.എൻ.ഡി. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ച നടപടിയ്ക്ക് സാധൂകരണവും ഈ സ്പോയിലിന് റോയൽറ്റി, സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ജലപാത വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ)നം.2/2018/സി.എസ്.ഐ.എൻ.ഡി, തീയതി 21/06/2018 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കുന്നതിനായി സൗകര്യ പ്രദമായ സ്ഥലങ്ങൾ വാടകയ്ക്കെടുത്ത്, താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിന് അതത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിരുന്നു.

3) ദേശീയ പാത (National Highway) 66 ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും മണ്ണ് ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി പ്രവൃത്തിയുടെ കരാറുകാരായ ശിവാലയ കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ദേശീയപാതാ വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, അഷ്ടമുടിക്കായലിൽ നിന്ന് മണ്ണ് ഡ്രഡ്ജ് ചെയ്യുന്നതിനും ടി. മണ്ണ് നിയമാനുസൃത

തുക ഒടുക്കി ഉപയോഗിക്കുന്നതിനും കമ്പനിക്ക് അനുമതി നൽകാവുന്നതാണോയെന്നതിൽ സർക്കാർ ഉത്തരവ് നല്കണമെന്ന് ജില്ലാ കളക്ടർ ആവശ്യപ്പെടുകയുണ്ടായി. അക്കാര്യം പരിശോധിച്ച ശേഷം ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും മണ്ണ് ഡ്രഡ്ജ് ചെയ്യുന്നതിന് ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നല്കിയ 16.06.2022 ലെ നിരാക്ഷേപ പത്രത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് താഴെപ്പറയുന്ന ഉപാധികളോട് കൂടി അനുമതി നല്കാമെന്ന് ജില്ലാകളക്ടറെ 25.10.2022 ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

1. ഡ്രഡ്ജ് ചെയ്യെടുക്കുന്ന വസ്തുക്കളിലെ ഘടകങ്ങൾ വിലയിരുത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിൽ മണ്ണിന്റെ സാമ്പിൾ പരിശോധിക്കുകയും ഡ്രെഡ്ജ് ചെയ്ത വസ്തുക്കളുടെ മൂല്യം DSR 2018 പ്രകാരം ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ നിർണ്ണയിച്ച് സർക്കാരിന് സമർപ്പിക്കണം.
2. ഡ്രഡ്ജ് ചെയ്യേണ്ട വസ്തുക്കളുടെ അളവ് വിലയിരുത്തുന്നതിന്, ഡ്രഡ്ജ് ചെയ്യേണ്ട നിർദ്ദിഷ്ട പ്രദേശത്തിന്റെ പ്രാരംഭ നിലയും അതിന്റെ അവസാന നിലകളും കേരള സർക്കാരിന്റെ ഹൈഡ്രോ ജിയോഗ്രാഫിക് സർവേ വിഭാഗത്തെ ഏൽപ്പിക്കണം.
3. ടെസ്റ്റുകൾക്കും സർവേയ്ക്കും വേണ്ടി വരുന്ന ചെലവ് NHAI അല്ലെങ്കിൽ NHAI യുടെ ഡ്രെഡ്ജിംഗിനായി വേർതിരിച്ചിരിക്കുന്ന പ്രദേശത്ത് ഡ്രെഡ്ജിംഗിനായി ചുമതലപ്പെടുത്തിയിട്ടുള്ള അതിന്റെ അംഗീകൃത കോൺട്രാക്ടർമാർ വഹിക്കണം.
4. നിലവിലുള്ള ഉത്തരവുകളനുസരിച്ച് ബാധകമായ റോയൽറ്റി/ലെവി/ സീനിയറേജ് ചാർജ് മുതലായവ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് ഒടുക്കുവരുത്തണം.

4) തുടർന്ന് അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്യെടുക്കുന്ന വസ്തുക്കൾ സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ൽ നടത്തിയ മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ filling sand ആയി കണക്കാക്കി DSR 2018 അനുസരിച്ച് ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ തയ്യാറാക്കി 30.11.2022 ലെ കത്ത് പ്രകാരം

സമർപ്പിച്ച താഴെപ്പറയും പ്രകാരമുള്ള നിരക്കും റോയൽറ്റി സീനിയറേജ് ചാർജ്ജുകളും അംഗീകരിച്ച് 26.12.2022 ലെ കത്ത് പ്രകാരം ജില്ലാ കളക്ടറെ അറിയിച്ചിരുന്നു.

**Rate of filling sand as per DSR-2018**

| Item | Rate |
|---|---|
| Rate of mud (Code No.0811 as per DSR 2018) | 165/m3 (H/A: 0701-80-110-99-00-00-00) |
| Excavation cost | (-)21.78 |
| Net rate of mud | 143.22 |
| Add Seigniorage Charge to be remitted at Revenue Dept | 115/$m^3$ (H/A 0029-00-800-92)-- |
| Mining & Geology Dept. (Royalty) | 80/m3 (H/A : 0853-102-99-01-M&G) |
| GST 12% | 17.19 |
| Total | 355.41<br>Say 356/m3 (Rupees Three hundred and fifty six only) |

ഡ്രഡ്ജിംഗിനുമാത്രം രൂപ 487.03/ക്യു.മീ (Calculated as per DSR-2018 and including transportation cost of Rs.212/-cum lead upto 5Kms)ആകുമെന്നും, ഡ്രഡ്ജ്ചെയ്തെടുക്കുന്ന മണ്ണിന്റെ നിരക്ക് കൂടാതെ റോയൽറ്റി സീനിയറേജ് ചാർജ്ജുകൾ കൂടി ഈടാക്കിയാൽ ഇതുകൊണ്ട് പ്രയോജനമില്ലാതാകുമെന്നും അത് അധിക സാമ്പത്തികഭാരത്തിനിടയാക്കുമെന്നും, കൊല്ലം-ആലപ്പുഴ ജില്ലകളിലെ നാഷണൽ ഹൈവേ പ്രോജക്റ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡ്രഡ്ജ്ചെയ്തെടുക്കുന്ന മണ്ണിന്റെ നിരക്ക് കൂടാതെ റോയൽറ്റി, സീനിയറേജ് ചാർജ്ജുകൾ ഈടാക്കുന്നത് ഒഴിവാക്കി നല്കണമെന്നും NHAI റീജിയണൽ ഓഫീസർ 21/12/2022- ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

5) സീനിയറേജ് ചാർജ്ജ് റവന്യൂ വകുപ്പിന്റെയും റോയൽറ്റി വ്യവസായ വകുപ്പിന്റെയും

അധികാരപരിധിയിൽ വരുന്ന വിഷയമായതിനാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10/01/2024-ന് ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവരുടെ യോഗം ചേർന്നിരുന്നതും താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്.

> "ദേശീയപാത (NH-66) ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഇക്കണോമിക് വാല്യൂ ഇല്ലാത്ത സ്പോയിൽ ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുമ്പോൾ ഡ്രഡ്ജ് ചെയ്യെടുക്കുന്ന സ്പോയിലിന് വില, സീനിയറേജ് ചാർജ്ജുകൾ, റോയൽറ്റി ചാർജ്ജുകൾ എന്നിവ ഒഴിവാക്കുന്നതിന് എല്ലാവരും സമ്മതം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച് തീരുമാനം ബഹു. റവന്യൂ, വ്യവസായ വകുപ്പ് മന്ത്രിമാർ മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കാമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു."

6) അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്ത മണ്ണിന് ഉപ്പുരസമുള്ള സ്വഭാവമാണുള്ളതെന്നും കൂടാതെ നിർമ്മാണപ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്നും അതിനാൽ എക്കണോമിക് വാല്യൂ ഇല്ലെന്നും, എങ്കിലും ഫില്ലിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കാനാകും എന്നത് കണക്കിലെടുത്താണ് DSR പ്രകാരം പ്രസ്തുത സ്പോയിലിന് വില ഈടാക്കാമെന്ന് അഭിപ്രായപ്പെട്ടതെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ 06/01/2024- ലെ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഡ്രഡ്ജ്ഡ് സ്പോയിൽ NHAI ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സ്പോയിൽ NHAI-യ്ക്ക് നല്കുന്നതിലൂടെ ഫില്ലിംഗിനായി മലകൾ ഇടിച്ച് മണ്ണ് കണ്ടെത്തുന്ന നിലവിലെ രീതി ഒഴിവാക്കാനാകുമെന്നും, മേൽ പ്രവൃത്തിമൂലം അഷ്ടമുടിക്കായലിന്റെ ജലവാഹക ശേഷി വർദ്ധിക്കുമെന്നതിനാൽ ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായുള്ള

സംസ്ഥാനത്തിന്റെ ചെലവ്. കുറയ്ക്കാൻ സാധിക്കുമെന്നും, ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനു നേരിടുന്ന സ്ഥലദൗർലഭ്യം ഡ്രഡ്ജ്ഡ് സ്പോയിൽ NHAI -യ്ക്ക് നൽകുന്നത് മൂലം പരിഹരിക്കാനാകുമെന്നും എല്ലാറ്റിനുമുപരിയായി നാഷണൽ ഹൈവേ നിർമ്മാണത്തിന് സ്പോയിൽ NHAI- യ്ക്ക് നല്കുക വഴി സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ദേശീയ ആസ്തികൾ സൃഷ്ടിക്കാൻ കഴിയുമെന്നും അതിനാൽ വിലയീടാക്കാതെ നല്കാവുന്നതാണെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

7) ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുള്ള പ്രകാരം അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI-ക്ക് വില ഈടാക്കാതെ നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ 06.01.2024-ൽ സമർപ്പിച്ചതിനു ശേഷമാണ് ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10/01/2024- ൽ യോഗം ചേരുകയുണ്ടായത്. ഇക്കാര്യം അംഗീകരിച്ചുകൊണ്ട് ബഹു. ജലവിഭവ വകുപ്പ് മന്ത്രി 14.03.2024 ൽ ഉത്തരവായതിനെ തുടർന്ന് അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66- ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI-ക്ക് വില ഈടാക്കാതെ നൽകുന്നതിന് അനുമതി നല്കി 15/03/2024 ൽ സ.ഉ(സാധാ)നം.11/2024/സി.എസ്.ഐ.എൻ.ഡി, നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. മേൽ നടപടി സാധൂകരിക്കുന്നതിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

8) മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയുംപ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"സീനിയറേജ് ചാർജ്ജ് റവന്യൂ വകുപ്പിന്റെയും റോയൽറ്റി വ്യവസായ വകുപ്പിന്റെയും അധികാരപരിധിയിൽ വരുന്ന വിഷയമായതിനാൽ 10.01.2024-ൽ ചേർന്ന യോഗത്തിൽ ഇത് സംബന്ധിച്ച് തീരുമാനം ബഹു. റവന്യൂ, വ്യവസായ വകുപ്പ് മന്ത്രിമാർ മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കാമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹു. റവന്യൂ, വ്യവസായ വകുപ്പുമന്ത്രിമാർ ഫയൽ കണ്ടതായി കാണുന്നില്ല. അതിനാൽ, റവന്യൂ വ്യവസായ വകുപ്പ് മന്ത്രിമാരുടെ അഭിപ്രായം കൂടി ലഭ്യമാക്കി അതുകൂടി ഉൾപ്പെടുത്തി മന്ത്രിസഭാകുറിപ്പ് അടിയന്തരമായി പുതുക്കി സമർപ്പിക്കുക."

9) സാധൂകരണം നല്കുന്ന വിഷയത്തിൽ അംഗീകാരം ആവശ്യപ്പെട്ട് ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് സർക്കുലേറ്റ് ചെയ്തപ്പോൾ ആയതിന് അംഗീകാരം നല്കുകയും ബഹു. വ്യവസായ വകുപ്പ് മന്ത്രിക്ക് സർക്കുലേറ്റ് ചെയ്തപ്പോൾ താഴെപ്പറയും പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്.

"ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പൊതുതാല്പര്യം മുൻനിർത്തി KMMC ചട്ടങ്ങളിലെ ചട്ടം (7), (32) എന്നിവയിൽ ഇളവ് വരുത്തി റോയൽറ്റി ഒഴിവാക്കി നല്കുന്നതിനോട് ഈ വകുപ്പ് യോജിക്കുന്നു.

1. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന റോയൽറ്റി ഇളവ് നൽകുന്ന ഉൽപ്പന്നങ്ങൾ ദേശീയപാതകളുടെ നിർമ്മാണത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

2. NHAI നിയോഗിക്കുന്ന എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ ജിയോളജിസ്റ്റ് എന്നിവർ ഡ്രഡ്ജ് ചെയ്തെടുക്കുന്നതും ദേശീയപാതയ്ക്ക് ഉപയോഗിക്കുന്നതുമായ റോയൽറ്റി ഇളവ് നൽകുന്ന ഉൽപ്പന്നത്തിന്റെ അളവ് സർട്ടിഫൈ ചെയ്ത് സൂക്ഷിക്കേണ്ടതാണ്."

**<u>തീരുമാനിക്കേണ്ട വിഷയം</u>**

അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-ക്ക് വില ഈടാക്കാതെ നൽകുന്നതിന് 15/03/2024 ൽ സ.ഉ.(സാധാ)നം.11/2024/സി.എസ്.ഐ.എൻ.ഡി നമ്പർ ഉത്തരവ് പ്രകാരം (ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു) അനുമതി നൽകിയതിന് പൊതു താത്പര്യം മുൻനിറുത്തി സാധൂകരണവും, ഈ സ്പോയിലിന് റോയൽറ്റി (KMMC ചട്ടങ്ങളിലെ ചട്ടം 7, 32 എന്നിവയിൽ ഇളവ് വരുത്തി), സീനിയറേജ് ചാർജ് എന്നിവയിൽ ഇളവ് നൽകുന്നതിന് അനുമതിയും താഴെപ്പറയുന്ന വ്യവസ്ഥകളോടെ നൽകാമോ ;

1. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന റോയൽറ്റി, സീനിയറേജ് ഇളവ് നൽകുന്ന ഉൽപ്പന്നങ്ങൾ ദേശീയപാതകളുടെ നിർമ്മാണത്തിന് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

2. NHAI നിയോഗിക്കുന്ന എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ ജിയോളജിസ്റ്റ് എന്നിവർ ഡ്രഡ്ജ് ചെയ്തെടുക്കുന്നതും ദേശീയപാതയ്ക്ക് ഉപയോഗിക്കുന്നതുമായ റോയൽറ്റി ഇളവ് നൽകുന്ന ഉൽപ്പന്നത്തിന്റെ അളവ് സർട്ടിഫൈ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

സി.എസ്.ഐ.എൻ.ഡി. - അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI -ക്ക് വില ഈടാക്കാതെ നല്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്

സ.ഉ.(സാധാ) നം.11/2024/CSIND തീയതി, തിരുവനന്തപുരം, 15-03-2024.

---

പരാമർശം:-

1. സ.ഉ(സാധാ) നം. 2/2018/സി.എസ്.ഐ.എൻ.ഡി, തീയതി 21/6/2018.
2. കൊല്ലം ജില്ലാ കളക്ടറുടെ 13.07.2022 ലെ DCKLM/3278/2022-L12 നമ്പർ കത്ത്.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 28/09/2022-ലെ CE/IN & KP/QC & M/ General/1847/2018 നമ്പർ കത്ത്.
4. 25.10.2022 ലെ A2/119/2022/CSIND നമ്പർ സർക്കാർ കത്ത്
5. ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 30/11/2022 ലെ ഡി4-1362/ഡി.ഐ.ആർ./ഐ.എൻ.ഡി.റ്റി./2018 നമ്പർ കത്ത്.
6. 26.12.2022 ലെ A2/119/2022/CSIND നമ്പർ സർക്കാർ കത്ത്
7. റീജിയണൽ ഓഫീസർ, NHAI നല്കിയ 21/12/2022-ലെ 12798/RO-Kerala/Start of Kollam Bypass-Kadambattukonam/2086 നമ്പർ കത്ത്.
8. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 06/01/2024-ലെ CE/IN & KP/QC &M/General/1847/2018 നമ്പർ കത്ത്.

## ഉത്തരവ്

ജലപാത വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനായി സൗകര്യ പ്രദമായ സ്ഥലങ്ങൾ വാടകയ്ക്കെടുത്ത്, താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി

പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിന് അതത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിരുന്നു. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ട് വരുന്ന ഭാഗത്ത് നിന്നും മണ്ണ് ഡ്രഡ്ജ് ചെയ്ത് ദേശീയ പാത (National Highway) 66 ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കു വേണ്ടി ഉപയോഗിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിരാക്ഷേപ പത്രം സഹിതം നാഷണൽ ഹൈവേ അതോറിറ്റിയും, പ്രവൃത്തിയുടെ കരാറുകാരായ ശിവാലയ കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡും അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ദേശീയപാതാ വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അഷ്ടമുടിക്കായലിൽ നിന്ന് മണ്ണ് ഡ്രഡ്ജ് ചെയ്യുന്നതിനും ടി മണ്ണ് നിയമാനുസൃത തുക ഒടുക്കി ഉപയോഗിക്കുന്നതിനും അനുമതി നല്കുന്നതിൽ ഉത്തരവുണ്ടാകണമെന്ന് പരാമർശം (1) കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപാധികളോടുകൂടി അനുമതി നല്കുന്നതിന് പരാമർശം (3) പ്രകാരം അനുവാദം നല്കിയിരുന്നു. തുടർന്ന്, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ൽ നടത്തിയ മണ്ണ് പരിശോധനാ റിസൾട്ടുകളുടെയും KERI -യുടെ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ശേഖരിച്ച എല്ലാ സാമ്പിളുകളും നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമല്ലെന്ന് കാണപ്പെടുന്നുവെന്നും ആയതിനാൽ ഫില്ലിംഗ് പർപ്പസ് എന്ന വിഭാഗത്തിലുൾപ്പെടുത്തി DSR 2018 അനുസരിച്ച് ഫില്ലിംഗ് സാന്റ് നിരക്ക് നിശ്ചയിച്ച് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ഉൾനാടൻ ജലഗതാഗത ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് അതിൻപ്രകാരം വിലയും റോയൽറ്റി സെനറേജ് ചാർജ്ജുകളും ഈടാക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം ജില്ലാകളക്ടറെ അറിയിച്ചിരുന്നു.

2. എന്നാൽ മണ്ണ് ഡ്രഡ്ജ് ചെയ്തെടുക്കുന്നതിനുമാത്രം രൂപ 487.03/ക്യു.മീ (Calculated as per DSR-2018 and including transportation cost of Rs.212/-cum lead upto 5 Kms) ആകുമെന്നും, ഡ്രഡ്ജ്ചെയ്തെടുക്കുന്ന മണ്ണിന്റെ നിരക്ക് കൂടാതെ റോയൽറ്റി സെനറേജ് ചാർജ്ജുകൾ കൂടി ഈടാക്കിയാൽ ഇതുകൊണ്ട് പ്രയോജനമില്ലാതാകുമെന്നും അത് അധികസാമ്പത്തിക ഭാരത്തിനിടയാക്കുമെന്നും, അതിനാൽ ഡ്രഡ്ജ്ചെയ്തെടുക്കുന്ന മണ്ണിന്റെ നിരക്ക് കൂടാതെ റോയൽറ്റി, സെനറേജ് ചാർജ്ജുകൾ ഈടാക്കുന്നത് കൂടി ഒഴിവാക്കി നല്കണമെന്നും പരാമർശം (7) കത്ത് പ്രകാരം NHAI റീജിയണൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3. ജലപാതാ വികസനത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും സൗകര്യപ്രദമായ സ്ഥലങ്ങളിൽ താൽക്കാലികമായി നിക്ഷേപിച്ച് ആവശ്യക്കാർക്ക് ലേലം ചെയ്ത് നല്കുന്നതിന് ജില്ലാകളക്ടർമാ മുഖേന നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെങ്കിലും ടി സ്പോയിൽ ഏറ്റെടുക്കുന്നതിന് ആവശ്യക്കാർ മുന്നോട്ട് വരുന്നില്ല എന്നും അഷ്ടമുടിക്കായലിലെ ഡ്രഡ്ജ് ചെയ്ത മണ്ണിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം ഉപ്പുരസമുള്ളതിനാലും ഷെൽ വസ്തുക്കൾ അടങ്ങിയിട്ടുള്ളതിനാലും നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്നും ആയതിനാൽ അതിന് സാമ്പത്തിക മൂല്യം ഇല്ലെന്നും ഫില്ലിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കാനാകും എന്നത് കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ന്യൂനതകൾ ഉണ്ടെങ്കിലും പ്രസ്തുത സ്പോയിലിന് DSR 2018 പ്രകാരം മസ്റ്റ് ആയി കണക്കാക്കി വില ഈടാക്കാമെന്ന് അഭിപ്രായപ്പെട്ടതെന്നും പ്രസ്തുത ഡ്രഡ്ജ്ഡ് സ്പോയിൽ NHAI ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സ്പോയിൽ NHAI-യ്ക്ക് ലഭ്യമാക്കുന്നത് മൂലം ഫില്ലിംഗിനായി

മലകൾ ഇടിച്ച് മണ്ണ് കണ്ടെത്തുന്ന നിലവിലെ രീതി ഒഴിവാക്കാനാകുമെന്നും, അഷ്ടമുടിക്കായലിന്റെ ജലവാഹക ശേഷി മേൽ പ്രവൃത്തിമൂലം വർദ്ധിക്കുമെന്നും ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായുള്ള ചെലവ് സംസ്ഥാനത്തിന് വരുന്നില്ലെന്നും ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനു നേരിടുന്ന സ്ഥലദൗർലഭ്യം ഡ്രഡ്ജ്ഡ് സ്പോയിൽ NHAI-യ്ക്ക് നൽകുന്നത് മൂലം പരിഹരിക്കാനാകുമെന്നും, എല്ലാറ്റിനുമുപരിയായി സ്പോയിൽ പ്രയോജനപ്പെടുത്തുക വഴി സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ദേശീയ ആസ്തികൾ സൃഷ്ടിക്കാൻ കഴിയുമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (8) പ്രകാരം അറിയിക്കുകയും സംസ്ഥാനത്തിന് കൂടി പ്രയോജനപ്പെടുന്ന വിഷയമായതിനാൽ ദേശീയ പാത (NH 66) ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കു NHAI-യ്ക്ക് സൗജന്യമായി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി 10/01/2024-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിൽ ദേശീയപാത NH 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും മണ്ണ് ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുമ്പോൾ ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണിന് വില ഈടാക്കാത്ത പക്ഷം സെനറേജ് ചാർജ്ജ് (Seigniorage charge) ഒഴിവാക്കുന്നതിൽ റവന്യൂ വകുപ്പിന് എതിരഭിപ്രായമില്ലെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വില ഈടാക്കാത്ത പക്ഷം റോയൽറ്റി ഈടാക്കില്ലെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറും അറിയിക്കുകയുണ്ടായി. കേരളത്തിലെ ദേശീയപാതാ വികസനത്തിന്റെ പുരോഗതി അവലോകനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23/1/2024 - ന് ചേർന്ന യോഗത്തിൽ ഇക്കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്നതിനാൽ സാമ്പത്തിക മൂല്യം ഇല്ലാത്തതാണെന്ന വസ്തുതയും നാഷണൽ ഹൈവേ നിർമ്മാണത്തിന് സ്പോയിൽ പ്രയോജനപ്പെടുത്തുക വഴി സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ദേശീയ ആസ്തികൾ സൃഷ്ടിക്കാൻ കഴിയുമെന്നതും പരിഗണിച്ച് ദേശീയപാത (NH) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ക്ക് വില ഈടാക്കാതെ നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ചീഫ് എഞ്ചിനീയർ, ഇറിഗേഷനും ഭരണവും, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി. ഒ., കൊല്ലം.

റീജിയണൽ ഡയറക്ടർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഓഫീസ്, മരട്, എറണാകുളം. 682 304.

റീജിയണൽ ഓഫീസർ കേരള, എൻ.എച്ച്.എ.ഐ, അമ്പാടി ആർക്കേഡ്. പേട്ട പി.ഒ., തിരുവനന്തപുരം. 695 024.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

റവന്യൂ(പി) വകുപ്പ്.

വ്യവസായ(എ) വകുപ്പ്.

ജലവിഭവ (ഐ.ആർ) വകുപ്പ്.

പൊതുമരാമത്ത് (ഡി) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ2/119/2022/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 18-03-2024 10:08:18
സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u> :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സി.എസ്.ഐ.എൻ. വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്